**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **18.06.2019-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 3137**

**മത്സ്യബന്ധനമേഖലയുടെ സമഗ്രവികസനം**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ**<br>**,, കെ. ദാസൻ**<br>**,, കെ.ജെ. മാക്സി**<br>**,, എം. നൗഷാദ് :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധനമേഖലയുടെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് മുഖേനയും വിവിധ ഏജൻസികൾ മുഖേനയും വിവിധ ക്ഷേമ പദ്ധതികളും വികസന പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുന്നു ണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കടലാക്രമണഭീഷണി നേരിടുന്ന മേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ? | (സി) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനത്തിനുമായി നടപ്പു സാമ്പത്തിക വർഷം 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I. ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ -

(എ) 2016 -17വർഷം നടപ്പിലാക്കിയ പദ്ധതികൾ

1) ഭവന രഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.

2) ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.

3) കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസി പ്പിക്കുന്നതിനുള്ള പദ്ധതി.

4) 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി -2000 ലക്ഷം രൂപ

5) 1700 ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി - 297.50 ലക്ഷം രൂപ

6) മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി - 750 ലക്ഷം രൂപ

7) 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടികൾ

8) മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് - 72 എണ്ണം

9) 50 മെഡിക്കൽ ക്യാമ്പുകൾ

10) അക്ഷരസാഗരം പദ്ധതി - 10 ലക്ഷം രൂപ

11) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - 20 കോടി രൂപ ചെലവഴിച്ചു

12) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

13) മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം - 227 ലക്ഷം രൂപ

14) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

15) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി - 4000 പേർക്ക്

16) ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

17) മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം- (4000 എണ്ണം)-800 ലക്ഷം രൂപ

18) തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

19) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി.

20) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചു

21) സീകേജ് ഫാമിംഗ് പദ്ധതി.

(ബി) 2017-18-ൽ നടപ്പാക്കിയ പദ്ധതികൾ

1. 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം.
2. 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം.
3. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ.
4. 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ
5. മെഡിക്കൽ എൻട്രൻസ് / പി.എസ്.സി /ബാങ്ക് ടെസ്റ്റ് /സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ.
6. കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അക്ഷരസാഗരം പദ്ധതി.
7. 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500/- രൂപ നിരക്കിൽ ആനുകൂല്യം.
8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം.
9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ
10. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
11. പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ .
12. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.

(സി) 2018-19-ൽ നടപ്പാക്കിയ പദ്ധതികൾ

1) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഫ്ളാറ്റ് നിർമ്മാണം -78.20 കോടി രൂപ
2) വിദ്യാതീരം പദ്ധതി - മെഡിക്കൽ എൻട്രൻസ് / പി.എസ്.സി /ബാങ്ക് ടെസ്റ്റ്/ സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ.
3) 1.96 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500/- രൂപ നിരക്കിൽ ആനുകൂല്യം.
4) പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം.
5) മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 25 കോടി രൂപ

6) 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.

## II ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ;

| ക്രമ നം | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി<br>1) അപകട/മരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>2) അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>3) കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4) അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 10,00,000/-<br>5,00,000/-<br>10,000/-<br>25,000/- |
| 2 | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള മരണം (ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായ ത്തിന് അർഹയില്ലാത്ത മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ആശ്വാസ ധനസഹായം)<br>(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000/- |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ത്തിന് ധനസഹായം | 10,000/- |
| 4 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1200/- |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000/- |
| 6 | ആംആദ്മി ബീമ യോജന പദ്ധതി<br>1) അപകടം മൂലം സംഭവിക്കുന്ന മരണം<br>2) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>3) അപകടം മൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>4) സ്വാഭാവിക മരണം<br>5) 9,10,11,12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പരമാവധി രണ്ട് പേർക്ക്) | 4,00,000/-<br>2,00,000/-<br>1,00,000/-<br>2,00,000/-<br>1200/-രൂപ ((പ്രതിമാസം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് | 600/- |
| 8 | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥി കൾക്ക് (ഓരോ സ്കൂളിലേയും) | 5,000/-<br>4,000/-<br>3,000/-<br>3,000/- |

| | | |
|---|---|---|
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗ ചികിത്സാ പദ്ധതി (പരമാവധി) | 50,000/- |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750/- |
| 14 | **ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം**<br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ലഭിക്കുന്നവർക്ക് | 5000/-<br>5000/- |
| 15 | **മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക്** പെൻഷൻ(വിധവാ പെൻഷൻ) | 1200/- |
| 16 | **കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം**<br>**എ. ദേശീയ തലത്തിൽ**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക്<br>**ബി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>**സി.സംസ്ഥാന തലത്തിൽ**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>**ഡി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | <br><br>10,000/-<br>8,000/-<br>5,000/-<br>5,000/-<br><br>8,000/-<br>5,000/-<br>3,000/-<br><br>5,000/-<br>3,000/-<br>2,000/-<br><br>3,000/-<br>2,000/-<br>1,000/- |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1350/- |
| 18 | അപകടം മൂലമുള്ള താൽക്കാലിക അവശത | 500/- |

## അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷുറൻസ്<br>1. അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | <br>10,00,000/-<br>5,00,000/-<br>10000/-<br><br>25000/- |

| | | |
|---|---|---|
| 2 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1200/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15000/- |
| 4 | പ്രസവ ശുശ്രൂഷാ ധനസഹായം | 750/- |
| 5 | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5,000/-<br>4,000/-<br>3,000/-<br><br>3,000/- |
| 6 | മാരക ചികിത്സാ പദ്ധതി (പരമാവധി)<br>(എ) ഹൃദ്രോഗം/ വൃക്ക രോഗം/ ക്യാൻസർ/ തലച്ചോറിലെ ട്യൂമർ<br>(ബി) തളർവാതം<br>(സി) ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | <br>50,000/-<br>12,000/-<br>5,000/- |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക. |
| 10 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | <br>5000/-<br><br>5000/- |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1350 |

**ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധന കാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ
    a. ടേം വായ്പകൾ
    b. മൈക്രോഫിനാൻസ് വായ്പ
3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി:
4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം
5. വലകൾക്കുള്ള സബ്സിഡി പദ്ധതി
6. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി
7. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
8. നാടൻ വള്ളങ്ങളുടെ നവീകരണം

9. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

10. മത്സ്യഫെഡ് മുഖേനയുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധി ധനസഹായം

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്ക്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവ മൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സ ക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും മത്സ്യത്തൊഴിലാളി ക്ഷേമനിധി' എന്ന ശീർഷകത്തിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകി വരുന്നു. വിശദവിവരങ്ങൾ താഴെ പറയുന്നു.

1. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് അടിയന്തി രാശ്വാസമായി 10,000/- രൂപ
2. നിത്യരോഗിയായി മാറിയിട്ടുള്ള തൊഴിലാളികൾക്ക് അവരുടെ ചികിത്സയ്ക്കായി 10,000/- രൂപ വരെ നൽകുന്നതാണ്.
3. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായമായി 10,000/- രൂപ വരെ നൽകുന്നതാണ്.
4. പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് അടിയന്തിര സഹായമായി പരമാവധി 10,000/- രൂപ വരെ നൽകുന്നതാണ്.
5. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്ത സമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് പരമാവധി 1,00,000/- രൂപ ആശ്വാസ ധനസഹായം നൽകുന്നതാണ്.

സി) **കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2016-17 സാമ്പത്തിക വർഷം**

1) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ചമ്പാവ് കോളനി കടക്കാവൂർ, തിരുവനന്തപുരം, ഡ്രെയിനേജ് നിർമ്മാണം | 55.00 |
| 2 | ജി.എച്ച്.എസ്.എസ്. പുത്തൻതോട്, ചെല്ലാനം, എറണാകുളം - ക്ലാസ്സ് റൂം, ഗ്രൗണ്ട് നിർമ്മാണം | 120.00 |
| 3 | മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നുള്ള വിദ്യാർത്ഥിനികൾക്ക് സൗജന്യ സൈക്കിൾ വിതരണം | 100.00 |
| 4 | ജി.വി.എച്ച്.എസ്.എസ്. മടപ്പള്ളി, കോഴിക്കോട് - അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 250.00 |
| 5 | ഇരപുരം സബ്സെന്റർ നിർമ്മാണം, ചോറോട്, കോഴിക്കോട് | 53.00 |
| 6 | കുര്യാടി സബ്സെന്റർ നിർമ്മാണം, കോഴിക്കോട് | 56.00 |
| 7 | മാട്ടൂർ സബ്സെന്റർ നിർമ്മാണം, കോഴിക്കോട് | 33.00 |
| 8 | ജി.യുപി.എസ്. ചീരാൻ കടപ്പുറം, മലപ്പുറം | 167.00 |
| 9 | ലബോറട്ടറി, ഫാർമസി നിർമ്മാണം, പി.എച്ച്.സി., ആറാട്ടുപുഴ, ആലപ്പുഴ | 30.50 |
| 10 | ജി.ആർ.എഫ്.ടി.എച്ച്.എസ്. വലിയതുറ, തിരുവനന്തപുരം അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 466.00 |

| | | |
|---|---|---|
| 11 | ജി.എച്ച്.എസ്.എസ്. വലിയഴീക്കൽ, ആലപ്പുഴ ടോയ്‌ലറ്റ് നിർമ്മാണം | 25.00 |
| 12 | അടുക്കള നവീകരണം, തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 20 സ്കൂളുകളിൽ | 200.00 |
| 13 | സ്മാർട്ട് ക്ലാസ്സ് റൂം, തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 29 സ്കൂളുകളിൽ | 280.00 |
| 14 | തീരദേശത്തെ 50 സ്കൂളുകളിൽ കായിക ഉപകരണ വിതരണവും ഗ്രൗണ്ട് നവീകരണവും | 250.00 |
| 15 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അഴീക്കൽ, കണ്ണൂർ അക്കാഡമിക് ബ്ലോക്ക്, ആഡിറ്റോറിയം നിർമ്മാണം | 217.00 |
| 16 | ജി.എഫ്.എച്ച്.എസ്.എസ്. പുതിയാപ്പ, കോഴിക്കോട്, അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 203.00 |
| 17 | ജി.എം.യുപി.എസ്. പുതിയങ്ങാടി, കണ്ണൂർ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 121.00 |
| 18 | ജി.വി.എച്ച്.എസ്.എസ്. കടമക്കുടി, എറണാകുളം അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 435.00 |
| 19 | ജി.യുപി.എസ്. അടുക്കത്ത് ബയൽ, കസബ, അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 149.00 |

2) തുമ്പ, പുല്ലുവിള മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കൽ (100 ലക്ഷം രൂപ)

3) കരിക്കോട്, കൊല്ലം ജില്ലയിൽ എൻ.എഫ്.ഡി.ബി.യുടെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം . (356 ലക്ഷം രൂപ)

4) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 22

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഫിഷറീസ് ട്രെയിനിംഗ് സെന്റർ, എറണാകുളം - പുനരുദ്ധാരണം | 22.00 |
| 2 | ജി.യുപി.എസ്. നല്ലില, കൊല്ലം, അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 185.00 |
| 3 | ഓടയം ഫിൻ ഫിഷ് ഹാച്ചറി വികസനം | 180.00 |
| 4 | കാരാപ്പുഴ ഫിഷ് ഹാച്ചറി, വയനാട് വികസനം | 170.00 |
| 5 | നെയ്യാർ ഫിഷ് സീഡ് ഫാം, തിരുവനന്തപുരം വികസനം | 500.00 |
| 6 | ജി.വി.എച്ച്.എസ്.എസ്. ഞാറയ്ക്കൽ, എറണാകുളം അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 420.00 |
| 7 | എരഞ്ഞോളി ഫിഷ് ഫാം, കണ്ണൂർ വികസനം | 163.00 |

| | | |
|---|---|---|
| 8 | നിഫാം ട്രെയിനിംഗ് സെന്റർ, കടങ്ങല്ലൂർ വികസനം | 307.00 |
| 9 | പന്നിവേലിച്ചിറ ഫിഷ് ഫാം, വികസനം | 500.00 |
| 10 | പൊയ്യ ഫിഷ് ഫാം, വികസനം | 500.00 |
| 11 | ജി.യുപി.എസ്. വെള്ളിമൺ, കൊല്ലം | 227.00 |

**2017-18 സാമ്പത്തിക വർഷം**

1) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | അഴീക്കോട് ആയുർവേദ ആശുപത്രി - പുതിയ കെട്ടടം | 83.00 |
| 2 | വളപ്പാട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം | 151.00 |
| 3 | വർക്കല താലൂക്ക് ആശുപത്രി - പാലിയേറ്റീവ് ബ്ലോക്ക് നിർമ്മാണം | 138.00 |
| 4 | ആയുർവേദ ആശുപത്രി - കടയ്ക്കാവൂർ | 159.00 |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്., കാഞ്ഞങ്ങാട്, തേവര, താനൂർ | 104.25 |
| 6 | രാമൻതളി പി.എച്ച്.സി. - കെട്ടിട നിർമ്മാണം | 61.00 |
| 7 | പയ്യോളി പി.എച്ച്.സി. - കെട്ടിട നിർമ്മാണം | 141.00 |
| 8 | കൊല്ലം ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം | 400.00 |
| 9 | നെടുമ്പന സി.എച്ച്.സി., കൊല്ലം കെട്ടിട നിർമ്മാണം | 410.00 |
| 10 | വി.കെ.പി. മെമ്മോറിയൽ പടന്ന, കാസർഗോഡ് കെട്ടിട നിർമ്മാണം | 194.00 |
| 11 | പള്ളിക്കര പി.എച്ച്.സി., കാസർഗോഡ് കെട്ടിട നിർമ്മാണം | 187.00 |
| 12 | കണ്ടല്ലൂർ സബ്സെന്റർ കെട്ടിട നിർമ്മാണം | 198.00 |
| 13 | കുണ്ടറ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം | 732.00 |

2) പുതുക്കുറിച്ചി, കൊച്ചുതുറ മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതി (100 ലക്ഷം)

3) മയ്യനാട്, കൊല്ലം ജില്ലയിൽ എൻ.എഫ്.ഡി.ബി.യുടെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണം (159.00 ലക്ഷം രൂപ)

4) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചെ 23

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവ വെൽഫയർ ലോവർ പ്രൈമറി സ്കൂൾ, പെരിനാട്, കൊല്ലം, അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 245.76 |
| 2 | ഗവ ലോവർ പ്രൈമറി സ്കൂൾ, പടപ്പക്കര, കൊല്ലം | 228.29 |
| 3 | ഗവ ഹയർ സെക്കണ്ടറി സ്കൂൾ, അഴിയൂർ, വടകര, കോഴിക്കോട് | 474.74 |
| 4 | ഭവതരണി ഫിഷ് ഫാം വികസനം | 494.59 |

**2018-19 സാമ്പത്തിക വർഷം**

1) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും - ജി.ആർ.എഫ്.ടി.& വി.എച്ച്.എസ്.എസ് കളുടെ നിലവാരം ഉയർത്തി മികവിന്റെ കേന്ദ്രങ്ങളാക്കുന്നത്.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., വലിയതുറ, തിരുവനന്തപുരം | 476.00 |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്., താനൂർ, മലപ്പുറം | 1002.00 |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ബേപ്പൂർ, കോഴിക്കോട് | 435.00 |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അഴീക്കൽ, കണ്ണൂർ | 558.00 |

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (സാഫ്). മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം നൽകുന്നു. 2 മുതൽ 4 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 3,00,000/- രൂപ വരെ (75,000/- രൂപ / മത്സ്യത്തൊഴിലാളി വനിത) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സംരംഭങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ (അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, സ്കിൽ ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ്), സംരംഭ ങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് പലിശരഹിത വായ്പാപദ്ധതി, ഉചിതമായ പ്രവർത്തനത്തിലേക്ക് മാറുന്നതിനുള്ള ധനസഹായം സൗജന്യ മെഡിക്കൽ ക്യാമ്പ്, സാങ്കേതിക വിദ്യാനവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി സംരംഭങ്ങളിലെ 145 ഗ്രൂപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന 6 തരം ഉണക്കമത്സ്യങ്ങൾ കേരളത്തിലെമ്പാടുമുള്ള മാർക്കറ്റുകളിൽ തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് 2018 ഒക്ടോബർ 12 ന് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി തുടക്കം കുറിച്ചു. കൂടാതെ

താഴെ പറയുന്ന പദ്ധതികളും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി സാഫ് മുഖേന നടപ്പിലാക്കുന്നു.

തീരനൈപുണ്യ

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടു പാസ്സായ 20 നും 35 നും ഇടയിൽ പ്രായമുള്ള യുവതികൾക്കായി തീരനൈപുണ്യ പദ്ധതി നടപ്പിലാക്കി വരുന്നു. 2 മാസം നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ ഒരു മാസം വീതം ക്ലാസ്സ് റൂം പരിശീലനവും സ്ഥാപനങ്ങളിലുള്ള പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകളും, സ്റ്റൈപ്പന്റ്, പാസ്പോർട്ട് എന്നിവ നൽകുന്നു.

തീരമാവേലി

സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷണൽ സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്ന തീരമാവേലി പദ്ധതി സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹകരണത്തോടെ സാഫ് നടപ്പിലാക്കി വരുന്നു.

2018-19 ൽ ഭരണാനുമതി ലഭിച്ച 3R Package for ensuring sustainable livelihood of fishermen എന്ന പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ ജില്ലകളിൽ 200 joint liability group രൂപീകരിച്ചു കൊണ്ട് മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിന് 20000/- രൂപയുടെ പദ്ധതിയും, കൂടാതെ അഷ്ടമുടി Phase II പദ്ധതി പ്രകാരം 48 വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 12 തയ്യൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 81 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ